**മധുരമായ കുട്ടികളെ- ഉയർന്ന നിർദ്ദേശം ഒരേയൊരു ബാബയുടേതാണ്, അതനുസരിച്ച് സദാ നടക്കൂ, ഒന്നാനമ്മയുടെ മക്കളായി ബാബയിൽ നിന്നും പൂർണ്ണമായും സമ്പത്തെടുക്കൂ.**

**ചോദ്യം-** രണ്ടാനമ്മയുടെ മക്കൾക്ക് ഏതൊരു കാര്യത്തിൽ നിശ്ചയമില്ലാത്തതിനാൽ ബാബയുടെ പൂർണ്ണ സഹയോഗിയാകാൻ സാധിക്കുന്നില്ല?
**ഉത്തരം-** രണ്ടാനമ്മയുടെ മക്കൾക്ക് ഈ നിശ്ചയം ഉണ്ടായിരിക്കില്ല- ഇപ്പോൾ പവിത്രമാകുന്നതിലൂടെ മാത്രമേ പവിത്രമായ ലോകത്തിന്റെ അധികാരിയാകാൻ സാധിക്കൂ. പവിത്രമാകാതെ പവിത്രമായ ലോകം സ്ഥാപിക്കപ്പെടുകയില്ല. ഈ നിശ്ചയമുണ്ടെങ്കിലേ പൂർണ്ണമായും സഹയോഗിയാകാൻ സാധിക്കൂ. ഒന്നാനമ്മയുടെ മക്കൾ ബാബയെ പൂർണ്ണമായും തിരിച്ചറിഞ്ഞ് യോഗ്യരാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ബാബയുടെ ശ്രീമത്തനുസരിച്ച് നടന്ന് ശ്രേഷ്ഠരാകുന്നു.

**ഗീതം-** ഭാഗ്യം ഉണർത്തി വന്നിരിക്കുന്നു....

**ഓം ശാന്തി.** കുട്ടികൾ ഗീതം കേട്ടു. കുട്ടികൾ പറയുന്നു നമ്മൾ പാഠശാലയിൽ വന്നിരിക്കുന്നുവെന്ന്. ഇതിനെ സാധാരണ സത്സംഗം എന്നു പറയില്ല. സത്യവുമായുള്ള കൂട്ടുകെട്ട് നിങ്ങളുടടേതാണ്. സത്യം എന്ന് പറയുന്നത് ഒരേയൊരു പരമപിതാ പരമാത്മാവിനെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ആ സത്യം അർത്ഥം പരിധിയില്ലാത്ത അച്ഛന്റെ കൂട്ട്കെട്ടിലാണ് ഇരിക്കുന്നത്. വാസ്തവത്തിൽ രണ്ട് അച്ഛനുണ്ട്. പരിധിയുള്ള അച്ഛനും പരിധിയില്ലാത്ത അച്ഛനും. ഒന്ന് സർവ്വാത്മാക്കളുടേയും നിരാകാരി അച്ഛൻ, രണ്ടാമത് പ്രജാപിതാ ബ്രഹ്മാവ്. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ രണ്ട് അച്ഛനെയും ലഭിച്ചു. പരംപിതാ പരമാത്മാവ്, പരിധിയില്ലാത്ത അച്ഛൻ, സർവ്വ ഭക്തരുടെയും ഭഗവാനാണ്. ഭക്തർ അനവധിയുണ്ട്. ഭഗവാൻ ഒന്നേയുള്ളൂ. ബാബ നിരാകാരൻ പരിധിയില്ലാത്ത അച്ഛനാണ്. രണ്ടാമത് പ്രജാപിതാ ബ്രഹ്മാവ് പരിധിയില്ലാത്ത അച്ഛൻ, മൂന്നാമത് ലൗകീക അച്ഛൻ. ശരീരം വികാരത്തിലൂടെയാണ് ലഭിക്കുന്നത്. അതിനെ കുഖവംശാവലിയെന്നാണ് പറയുന്നത്. ഈ കലിയുഗത്തെ പാപാത്മാക്കളുടെ ലോകമെന്ന് പറയുന്നു. രണ്ടാമത്തേത് പുണ്യാത്മാക്കളുടെ ലോകമാണ്- നിർവ്വികാരി ലോകം, പുതിയ ലോകം. ലോകം ഒന്നേയുള്ളൂ, രണ്ടില്ല. വീട് ഒന്നേ ഉണ്ടായിരിക്കുള്ളൂ, രണ്ടില്ല. ആരംഭത്തിൽ അതിനെ പുതിയ വീടെന്ന് പറയുന്നു, പിന്നീട് പഴയതായി തീരുന്നു. ഭാരതം പുതിയതായിരുന്നപ്പോൾ അതിനെ സത്യയുഗമെന്ന് പറയുന്നു. ഇപ്പോൾ പഴയതാണ് അതിനാൽ കലിയുഗമെന്ന് പറയുന്നു. ഇതിനെയാണ് ദുഃഖം നല്കുന്ന വികാരി ലോകമെന്ന് പറയുന്നത്. വിശ്വം പുതിയതായിരുന്നപ്പോൾ ഭാരതവും പുതിയതായിരുന്നു. ഇപ്പോൾ സൃഷ്ടി പഴയതായി, അപ്പോൾ ഭാരതവും പഴയതായി. പുതിയ ഭാരതത്തിൽ ദേവീ ദേവതാ ധർമ്മമല്ലാതെ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഒരേയൊരു ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു, മറ്റൊരു ഖണ്ഡവുമുണ്ടായിരുന്നില്ല, 5000 വർഷങ്ങളുടെ കാര്യമാണ്. ഭാരതത്തെ സ്വർഗ്ഗമെന്ന് പറഞ്ഞിരുന്നു. രണ്ട് കല കുറഞ്ഞപ്പോൾ ത്രേതായിൽ രാമ- സീതയുടെ രാജ്യമായി. ദേവതമാർ ക്ഷത്രിയ ധർമ്മത്തിലേക്ക് വന്നു. സത്യയുഗത്തെയും ത്രേതായുഗത്തെയും ചേർത്ത് സുഖധാമം എന്നു പറയുന്നു. ദ്വാപരയുഗം മുതൽ ദുഃഖധാമം ആരംഭിച്ചപ്പോൾ ഭക്തി മാർഗ്ഗം ആരംഭിക്കുന്നു. സത്ഗതിയിലായിരുന്ന ഭാരതം ദുർഗതിയിലേക്ക് വരുന്നു. ആദ്യം 16 കല സത്ഗതി, പിന്നെ 14 കല സത്ഗതി പിന്നീട് ദ്വാപരയുഗം മുതൽ വാമമാർഗ്ഗം ആരംഭിച്ചു, ഭാരതവാസികൾ ദുഃഖിതരാകാൻ തുടങ്ങി. രാവണനാണ് ദുഃഖിയാക്കിയത്. ഇപ്പോൾ സർവ്വരും രാവണന്റെ നിർദ്ദേശമനുസരിച്ച് നടന്നു കൊണ്ടിരിക്കുന്നു. ആരും ഈശ്വരനെ അറിയുന്നേയില്ല. ഉയർന്നതിലും വെച്ച് ഉയർന്ന നിർദ്ദേശം ഈശ്വരന്റേതാണെന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ വന്നിരിക്കുന്നത് പുതിയ ലോകത്തിലേക്കുള്ള ഭാഗ്യത്തെ ഉണർത്തുന്നതിനാണ്. മനുഷ്യൻ പഴയ ലോകത്തേക്ക് വേണ്ടിയാണ് പ്രയത്നിക്കുന്നത്.

നിങ്ങൾക്കറിയാം ഇപ്പോൾ ഈ പഴയ ലോകത്തിന്റെ വിനാശത്തിന് വേണ്ടി മഹാഭാരത യുദ്ധമുണ്ട്. എന്നാൽ വിനാശത്തിന് മുമ്പ് പുതിയ സൃഷ്ടിയും വേണം. ഇപ്പോൾ ബാബ പുതിയ സൃഷ്ടി രചിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾ സർവ്വരും ഈശ്വരന്റെ സന്താനങ്ങളാണ്. ആദ്യം ആസുരീയ സന്താനങ്ങളായിരുന്നു. ഇപ്പോൾ സദാ പാവനമായ ബാബയുടെ സന്താനമായി- സുഖധാമിന്റെ സമ്പത്തെടുക്കുന്നതിന് അർത്ഥം ദേവതാ പദവി നേടുന്നതിന്. നിങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്നും ഭാഗ്യത്തെ ഉണർത്താൻ വന്നിരിക്കുന്നു. ബാബ നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത സുഖം നല്കുന്നതിന് വീണ്ടും വന്നിരിക്കുന്നു. ഭാരതവാസി

കൾ തീർത്തും കക്കയ്ക്ക് സമാനമായി. ഇപ്പോൾ രാജാവായി ആരും തന്നെയില്ല, പ്രജകൾ പ്രജകളെ ഭരിക്കുന്നു. പവിത്രമായിരുന്ന ദേവീ ദേവതമാർ ഇപ്പോൾ പതിതമായി. പാടുന്നുണ്ട്- പതിത പാവനാ വരൂ എന്ന്. രാവണനെ കത്തിക്കുന്നു, എന്നാൽ രാവണൻ കത്തുന്നില്ല. സത്യയുഗത്തിൽ കത്തിക്കുന്നില്ല. സത്യയുഗത്തിൽ സർവ്വ ശക്തിവാനായ ദേവീ ദേവതമാരുടെ രാജ്യമായിരുന്നു. ഈ സമയത്ത് സർവ്വരും നരകവാസികളായി തീർന്നു. ഇപ്പോൾ ഇക്കരെ നിന്നും അക്കരെ പോകണം. തോണിക്കാരൻ ഒന്നേയുള്ളൂ, ബാബ വന്ന് വിഷയസാഗരത്തിൽ നിന്നും  ക്ഷീര സാഗരത്തിലേക്ക് കൊണ്ടു പോകുന്നു. ഇവിടത്തെ സമ്പന്നർ മനസ്സിലാക്കുന്നത് നമ്മൾ സ്വർഗ്ഗത്തിലാണ് എന്നാണ്. ദരിദ്രർ നരകത്തിലും. സ്വർഗ്ഗം എന്ന് പറയുന്നത് എന്തിനെയാണെന്ന് അവർക്കറിയില്ല. നിങ്ങൾക്കറിയാം സത്യയുഗത്തിൽ പവിഴനാഥന്റെയും പഴിഴനാഥിനിയുടെയും രാജ്യമായിരുന്നു. പരിധിയില്ലാത്ത അച്ഛനെ നിങ്ങൾ തിരിച്ചറിഞ്ഞ് ബാബ എന്ന് വിളിക്കുന്നു അതിനാൽ തീർച്ചയായും സമ്പത്ത് ലഭിക്കണം. നിങ്ങൾ സ്മൃതിയിൽ വെയ്ക്കണം- നമ്മൾ ശാന്തിധാം നിവാസിയാണ് എന്ന്. പരംധാമിൽ നിന്നും ഇവിടെ പാർട്ടഭിനയിക്കാൻ വന്നിരിക്കുന്നു. 84 ജന്മങ്ങൾ എങ്ങനെയെടുക്കുന്നുവെന്ന് ബാബ മനസ്സിലാക്കി തരുന്നു. ബാബ പറയുന്നു- കുട്ടികളെ, ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്. ഇവിടെ നിങ്ങൾ ബാബയിൽ നിന്നും സഹജ യോഗ പഠിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പറയുന്നു- ബാബാ, ഞാൻ സൂര്യവംശി കുലത്തിൽ തീർച്ചയായും വരും. ഇതാണ് ലക്ഷ്യം. ഇത് ഭഗവാന്റെ പാഠശാലയാണ്. ഭഗവാനുവാചാ- കുട്ടികളെ, ഞാൻ നിങ്ങളെ മനുഷ്യനിൽ നിന്നും ദേവതയാക്കാനാണ് വന്നിരിക്കുന്നത്. നിങ്ങൾ രാജാക്കൻമാരുടെയും രാജാവാകൂ. സ്വന്തം മക്കളായി പൂർണ്ണ സമ്പത്തെടുക്കൂ. ശ്രീമത്തനുസരിച്ച് നടക്കുകയാണെങ്കിൽ ശ്രേഷ്ഠരിലും വച്ച് ശ്രേഷ്ഠരാകാം. ബാബ ഉയർന്നതിലും വെച്ച് ഉയർന്നതാണ്. ഭഗവാൻ നിരാകാരിയാണ്, അല്ലാതെ ആകാരിയോ സാകാരിയോ അല്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ ആകാരി ദേവതമാരാണ്. അവരെ ഭഗവാൻ എന്ന് പറയാനാകില്ല. ഭഗവാൻ ഒന്നാണ്, ഭക്തർ അനേകരുണ്ട്. ബാബ ചോദിക്കുന്നു- ഭക്തർ എത്രയുണ്ട്? 500-600 കോടി. ഭക്തി മാർഗ്ഗത്തിലുള്ള ഭക്തർ ഇപ്പോൾ കഷ്ടപ്പാടനുഭവിച്ച് കൊണ്ടിരിക്കുന്നു. ഒരോരുത്തരും അവിടെയുമിവിടെയുമാണ്. നിങ്ങൾ സർവ്വരും ഡ്രാമയിലെ അഭിനേതാക്കളാണ് അതിനാൽ ഡ്രാമയുടെ രചയിതാവിനെയും, സംവിധായകനെയും അറിയണം. എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. സത്യയുഗത്തിൽ സൂര്യവംശി ദേവതമാരായിരുന്നു, അവരുടെ മഹിമകൾ പാടുന്നുണ്ട്. രണ്ട് പേരും മനുഷ്യരാണ് എന്നാൽ അവരുടെ മഹിമ എന്ത് കൊണ്ട് പാടുന്നു? കാരണം ഈശ്വരനാണ് അവരെ അങ്ങനെയാക്കിയത്. നിങ്ങളെയും ബാബ മനുഷ്യനിൽ നിന്നും ദേവതയാക്കി കൊണ്ടിരിക്കുന്നു. പിന്നെ നിങ്ങൾ ദേവതമാരിൽ നിന്നും ക്ഷത്രിയർ... ആകും. പുതിയ ലോകത്തിൽ വസിക്കുന്നവർ ദേവതമാരാണ്, പിന്നെ പഴയ ലോകത്തിൽ തമോപ്രധാനവും പതിതവുമായി തീരുന്നു. ബാബ വന്ന് വീണ്ടും യോഗ്യരാക്കി മാറ്റുന്നു. കക്കയിൽ നിന്നും വജ്രസമാനമാക്കുന്നു. നിങ്ങളിൽ ചിലർ നല്ല രീതിയിൽ മനസ്സിലാക്കുന്നു, ചിലർ പകുതി. പകുതി നിശ്ചയമുള്ളവരെയാണ് രണ്ടാനമ്മയുടെ മക്കളെന്ന് പറയുന്നത്. നിശ്ചയമില്ല- ബാബാ ഞാൻ തീർച്ചയായും പവിത്രമായി പവിത്രമായ ലോകത്തിന്റെ അധികാരിയായി തീരും എന്ന്. സഹയോഗിയാകുന്നില്ല. ആദ്യം മാതാപിതാവിന്റേതാകണം. ബാബാ ഞാൻ അങ്ങയുടേതായിരുന്നു, പിന്നെ അര കല്പം ബാബയെ മറന്ന് മായക്ക് വശപ്പെട്ടു. ഇപ്പോൾ വീണ്ടും അങ്ങയുടേതായി. ഈ പതിത ലോകത്തിൽ പതിതർക്കാണ് വിലയുള്ളത്. സ്വർഗ്ഗത്തിൽ ഇങ്ങനെയുള്ള കാര്യമേയില്ല.

ബാബ മനസ്സിലാക്കി തന്നു സ്വർഗ്ഗത്തിൽ ശരീരം വിടുന്നതിന് മുമ്പ് സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ഇപ്പോൾ ഞാൻ ഈ ശരീരം ഉപേക്ഷിച്ച് കുട്ടിയാകും എന്ന്. ശരീരത്തിന്റെ ആയുസ്സ് പൂർത്തിയാകുന്നു. അകാല മൃത്യു ഉണ്ടാകുന്നില്ല. പഴയ ശരീരം വിട്ട് പുതിയതെടുക്കുന്നു. സർപ്പത്തിന്റെ ഉദാഹരണം, വേട്ടാളന്റെ ഉദാഹരണം.....വേട്ടാളനിലും സാമാന്യബോധമുണ്ട്. ഇന്നത്തെ മനുഷ്യരിൽ അതില്ല. നിങ്ങൾ സത്യം സത്യമായ വേട്ടാളനാണ്. പല വിധത്തിലുള്ള കീടങ്ങളെ ജ്ഞാനം നല്കി മനുഷ്യനിൽ നിന്നും ദേവതയാക്കുന്നു. നിങ്ങളെ ബാബ സുഖിയാക്കാനാണ് വന്നിരിക്കുന്നത്. രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുന്നു. ബാബ രാജയോഗം എപ്പോൾ പഠിപ്പിച്ചു എന്ന് ആരും മനസ്സിലാക്കുന്നില്ല അതിനാൽ ബാബ പറയുന്നു- കുട്ടികളെ, നിങ്ങൾ എന്റെ നിർദ്ദേശമനുസരിച്ച് ശ്രേഷ്ഠരാകൂ. ഈ സമയത്ത് സർവ്വരുടേയും ആസുരീയ നിർദ്ദേശമാണ്. സർവ്വവ്യാപിയാണെന്ന ജ്ഞാനത്തിലൂടെ ഭാരതത്തെ കക്കയ്ക്ക് സമാനമാക്കി. കടം എടുത്ത് കൊണ്ടിരിക്കുന്നു. ഭഗവാൻ ആര്, എവിടെ വസിക്കുന്നു- മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. ബാബ നിരാകാരനാണ് പിന്നെങ്ങനെ ഇവിടെ അന്വേഷിക്കുന്നു. ഭഗവാൻ പറയുന്നു- നിങ്ങൾ പറയുന്നുണ്ട്, ഞങ്ങൾ ശിവാനന്ദന്റെ ശിഷ്യൻമാരാണ് എന്ന്, എന്നിട്ട് അദ്ദേഹത്തെ അനുകരിക്കുന്നുണ്ടോ. ഇന്നത്തെ കാലത്ത് അവരെ എത്ര ബഹുമാനിക്കുന്നു. എന്നാൽ ശ്രീമത്ത് ഒരേയൊരു പരമപിതാ പരമാത്മാവിന്റേത് മാത്രമാണ്. ഇപ്പോൾ നിങ്ങൾ വന്നിരിക്കുന്നത് ഈശ്വരന്റെ നിർദ്ദേശമനുസരിച്ച് നടന്ന് ഈശ്വരനിൽ നിന്നും സമ്പത്ത് നേടുന്നതിനാണ്. ബാബ പറയുന്നു ഭക്തിയിൽ അലയുന്നവർ എന്നെ മനസ്സിലാക്കുന്നില്ല. ബാബ

പഠിപ്പിച്ച് സമ്പത്ത് നല്കി വിശ്വത്തിന്റെ അധികാരിയാക്കുന്നുവെന്ന് അവർക്കറിയില്ല. നിങ്ങൾ അലച്ചിലിൽ നിന്നും മുക്തമായി. ഭഗവാന്റെ വാക്കുകളാണ്– നിങ്ങളെ ദേവതയാക്കാനാണ് വന്നിരിക്കുന്നത്. നിങ്ങൾ ബി കെ അറിയുന്നുണ്ട് ഭഗവാൻ വന്ന് കുട്ടികൾക്ക് വിശ്വത്തിന്റെ അധികാരത്തിന്റെ സമ്പത്താണ് നല്കുന്നതെന്ന്. നിങ്ങൾ പുരുഷാർത്ഥത്തിലൂടെ വിശ്വത്തിന്റെ അധികാരിയായി തീരുന്നു. ബാബ വിശ്വത്തിന്റെ രചയിതാവാണ്. ഇപ്പോൾ നിങ്ങൾ അലയരുത്. അലയുന്നവർക്ക് ഭഗവാനെ പ്രാപ്തമാകുന്നില്ല. നിങ്ങൾ ബാബയിൽ നിന്നും സുഖത്തിന്റെ സമ്പത്ത് നേടുന്നു. ബാക്കി സർവ്വർക്കും ശാന്തിധാമിന്റെ സമ്പത്ത് ലഭിക്കുന്നു. ഇപ്പോൾ ദുഃഖത്തിന്റെ കണക്കിനെ സമാപ്തമാക്കി സുഖത്തിന്റെ കണക്ക് ശേഖരിക്കുന്നു. ബാക്കി സർവ്വരും ശിക്ഷയനുഭവിച്ച് അവരവരുടെ സെക്ഷനിലേക്ക് പോകുന്നു.

കുട്ടികൾ ഗീതം കേട്ടു. പുതിയ ലോകത്തേക്ക് വേണ്ടി ഭാഗ്യം ഉണർത്താൻ വന്നിരിക്കുന്നു. അതേ ഭാഗ്യം പിന്നീട് 21 ജന്മം പൂർത്തിയാകുമ്പോൾ പഴയതായി തീരുന്നു. ഇപ്പോൾ പുരുഷാർത്ഥം ചെയ്യണം– വേണമെങ്കിൽ സൂര്യവംശി രാജ്യം നേടൂ, വേണമെങ്കിൽ സമ്പന്ന പ്രജകളാകൂ, വേണമെങ്കിൽ ദരിദ്രരായ പ്രജകളാകൂ. പ്രജകളും വളരെ സമ്പന്നരായിരിക്കും, ചില രാജാക്കൻമാർ പോലും അവരിൽ നിന്നും കടമെടുക്കുന്നു. ഇപ്പോഴും പ്രജകൾ സമ്പന്നരാണ്. സത്യയുഗത്തിൽ ഇങ്ങനെയല്ല. അവസാനം രാജാ റാണിയാകുന്നവരേക്കാൾ സമ്പന്നരായിരിക്കും പ്രജകൾ . വലിയ വലിയ കൊട്ടാരങ്ങളിലായിരിക്കും വസിക്കുന്നത്. ഇപ്പോൾ എന്ത് ആഗ്രഹിക്കുന്നുവോ അതുപോലെയാകാം. ഇപ്പോൾ സർവ്വരും ദുഃഖിതരാണ്, ബാബ വന്നിരിക്കുന്നത് നിങ്ങളെ സ്വർഗ്ഗത്തിൽ സദാ സുഖി അർത്ഥം സ്വർഗ്ഗവാസിയാക്കുന്നതിനാണ്. ഈ സമയത്ത് നരകവാസികളാണ്, എന്നാലും നരകത്തിൽ തന്നെയാണ് ജന്മമെടുക്കുന്നത്. നിങ്ങൾ സ്വർഗ്ഗവാസിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. ബാബയുടെ ശരീരത്തിന് പേരില്ല. മനുഷ്യർക്ക് 84 ജന്മങ്ങളിൽ 84 പേരുകൾ ലഭിക്കുന്നു. വ്യത്യസ്ഥമായ നാമം, രൂപം ,ദേശം, കാലം. ശിവബാബയ്ക്ക് ആകാരി, സാകാരി ശരീരം ലഭിക്കുന്നില്ല. പറയുന്നു– ഞാൻ ലോണെടുക്കുന്നുവെന്ന്. ഇദ്ദേഹത്തിന്റെ വാനപ്രസ്ഥാവസ്ഥയിലാണ് ഞാൻ വരുന്നത്. ഈ നാടകം ഒരോ നിമിഷവും ഷൂട്ടായി കൊണ്ടിരിക്കുന്നു. ഞാനും നിങ്ങളും കഴിഞ്ഞ കല്പത്തിൽ കൂടിക്കാഴ്ച നടത്തിയിരുന്നു, ഇപ്പോൾ മിലനം ചെയ്തു, ഇനിയും മിലനം ചെയ്യും. ഒരോ നിമിഷം കഴിഞ്ഞതും ഡ്രാമ. ബാബയും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ബാബ പറയുന്നു നിങ്ങൾ കുട്ടികളെ വജ്ര സമാനമാക്കുന്നു. ഞാൻ നിങ്ങളുടെ ഏറ്റവും അനുസരണയുള്ള, പ്രിയപ്പെട്ട അച്ഛൻ, ടീച്ചർ, സത്ഗുരുവുമായി തീരുന്നു. എനിക്ക് അച്ഛൻ, ടീച്ചർ, ഗുരുവില്ല. സർവ്വരുടെയും അച്ഛൻ സ്വയം ഞാനാണ്. ജ്ഞാനസാഗരനാണ്. എനിക്ക് ഗുരുവില്ല. സ്വയം സർവ്വരുടെയും സത്ഗതിദാതാവാണ്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1. വേട്ടാളനെ പോലെ ജ്ഞാനം നല്കി മനുഷ്യരെ ദേവതയാക്കുന്നതിനുള്ള സേവനം ചെയ്യണം. ബാബയുടെ ശ്രീമത്തനുസരിച്ച് സദാ സുഖിയാകണം, ആക്കണം.

2. ഉയർന്ന ഭാഗ്യത്തെ ഉണ്ടാക്കുന്നതിന് തീർച്ചയായും പാവനമാകണം. സ്വയത്തെ വിഷയസാഗരത്തിൽ നിന്നും ക്ഷീര സാഗരത്തിലേക്ക് കൊണ്ടു പോകുന്നതിന് ബാബയ്ക്ക് സമാനം തോണിക്കാരനാകണം.

## വരദാനം –: ട്രസ്റ്റി സ്മൃതിയിലൂടെ ഓരോ പരിതസ്ഥിതികളെയും ഏകരസ സ്ഥിതിയോടെ അനുഭവം ചെയ്യുന്നവരായ നിർമോഹിയും സ്നേഹിയുമായി ഭവിക്കൂ

എപ്പോഴാണോ സ്വയം ട്രസ്റ്റി ആണെന്ന് മനസ്സിലാക്കുന്നത് അപ്പോൾ പരിതസ്ഥിതികളിലും തന്റെ സ്ഥിതിയെ ഏക രസമാക്കാൻ സാധിക്കും. കാരണം ട്രസ്റ്റി അർത്ഥം നിർമോഹിയും സ്നേഹിയുമായിരിക്കും ഗൃഹസ്ഥിയാണെങ്കിൽ അനേക രസമാണ് എന്റെ എന്നുള്ളത് അനേകമാണ് എന്റെ വീട് എന്റെ കുടുംബം. ഇങ്ങനെ ഗൃഹസ്ഥിയാകുമ്പോൾ അനേക രസങ്ങളിൽ മനസ് അലയും ട്രസ്റ്റിസ്ഥിതി അർത്ഥം ഏക രസം ട്രസ്റ്റികൾ സദാ ഭാരരഹിതവും, സദാ കയറുന്ന കലയിലും ആയിരിക്കും അവർക്ക്

എന്റേത് എന്നുള്ള മമത ഉണ്ടാകില്ല ദുഃഖത്തിന്റെ അലകളും അവരിലേക്ക് വരില്ല.

**സ്ലോഗൻ –: സന്തുഷ്ടതയിലും സരളതയിലും സന്തുലനം വയ്ക്കുന്നത് തന്നെയാണ് ശ്രേഷ്ഠ ആത്മാവിന്റെ ലക്ഷണം.**